കേന്ദ്ര ധനസഹായം

213 [229] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 സാമ്പത്തിക വർഷത്തിൽ കേന്ദ്രഗവൺമെൻറിൽ നിന്നും ധനസഹായം പ്രതീക്ഷിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആകെ 777.76 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഗവൺമെൻറ് കൊടുത്തു തീർക്കുവാനുണ്ടായിരുന്ന കുടിശ്ശിക

214 [230] ശ്രീ. കെ. പി. പ്രഭാകരൻ:
ഡോ. എ. സുബ്ബറാവു:
ശ്രീ. കെ. ടി. കുമാരൻ:
ശ്രീ. വി. കെ. രാജൻ:
ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1986 മാർച്ച് 31-ന് ഗവൺമെൻറ് കൊടുത്തുതീർക്കുവാൻ ബാദ്ധ്യതപ്പെട്ട കുടിശ്ശിക സംഖ്യയുടെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

ജലസേചനവകുപ്പിന് 10 കോടി രൂപയും കൃഷിവകുപ്പിന് 8 കോടി രൂപയും, വ്യവസായവകുപ്പിന് 4 കോടി രൂപയും ഉണ്ടെന്നോണ് കണക്ക്. പൊതുമരാമത്തു പണികൾ നടത്തിയ വകയിൽ 18.23 കോടി രൂപ്യും, സഹകരണസംഘങ്ങൾക്കു പലിശ ഇനത്തിൽ സബ്സിഡിയായി 362 ലക്ഷം രൂപയും 31-3-1986 വരെ കൊടുത്തു തീർക്കുവാനുണ്ടെന്നാണ് ഇതുവരെ കിട്ടിയ വിവരം. മറ്റു ഡിപ്പാർട്ടുമെൻറുകളിലെ കുടിശ്ശികയെപ്പറ്റി വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാന സർക്കാരിന് കൊടുത്തുതീർക്കുവാനുള്ള ബാദ്ധ്യതകൾ

215 [231] ശ്രീ. വി. കേശവൻ:
,, സി. കെ. ചക്രപാണി:
,, പി. സി. തോമസ് (കടത്തുരുത്തി):
ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1985 മാർച്ച് 31, 1986 മെയ് 31 എന്നീ തീയതികളിൽ സംസ്ഥാന സർക്കാർ താഴെ പറയുന്ന ഇനങ്ങളിൽ കൊടുത്തു തീർക്കാനുള്ള ബാദ്ധ്യതകൾ എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(1) സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൊടുക്കുവാനുള്ള തുക;

(2) പൊതുമരാമത്തു പണികൾ നടത്തുന്നതിലേക്ക് കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കുവാനുള്ള ബിൽതുക;

(3) ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് ആൻറ് ഡിസ്പോസൽ അറിയിച്ചതനുസരിച്ച് സംസ്ഥാനത്തിനകത്തും പുറത്തും വിവിധ കമ്പനികൾക്കും സ്ഥാപനങ്ങൾക്കും മറ്റും കൊടുത്തു തീർക്കേണ്ട തുക?

ഉത്തരം

(1) സഹകരണ സംഘങ്ങൾക്ക് ഇൻറർസ്റ്റേറ്റ് സബ്സിഡി ഇനത്തിൽ 362 ലക്ഷം രൂപ 31–3–1986 വരെ കൊടുത്തുതീർക്കുവാനുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുത്തു തീർക്കുവാനുള്ള ബാദ്ധ്യതകൾ ഒന്നുമില്ല.

(2) പൊതുമരാമത്തു പണികൾ നടത്തിയ വകയിൽ 31-3-1986 വരെ 18.23 കോടി രൂപ കൊടുത്തു തീർക്കുവാനുണ്ടെന്നാണ് ചീഫ് എഞ്ചിനീയറിൽനിന്നും കിട്ടിയ വിവരം.

(3) ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് ആൻറ് ഡിസ്പോസൽ മുഖേന സ്കൂൾ സാധനങ്ങളുടെ വില അക്കൗണ്ടൻറ് ജനറൽ തന്നെ അതാതു കണക്കുകളിൽ ബുക്കു ചെയ്യുകയാണ് പതിവ്. അതിനാൽ ഈ ഇനത്തിൽ തുകകൾ കൊടുത്തുതീർക്കുന്നതിന് ബാക്കിയില്ല.

കേന്ദ്ര ഗവൺമെൻറ് ജീവനക്കാർക്ക് അനുവദിച്ച ഡി. എ.

216 [232] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര ഗവൺമെൻറ് ജീവനക്കാർക്കനുവദിച്ച ഡി. എ. സംസ്ഥാന ജീവനക്കാർക്കും ആ തീയതി മുതൽത്തന്നെ പണമായി നൽകാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ഉത്തരം

കേന്ദ്ര ഗവൺമെൻറ് ജീവനക്കാർക്കനുവദിച്ച ഡി. എ. ഗഡുക്കളും എല്ലാംതന്നെ സംസ്ഥാന ജീവനക്കാർക്കും അതേ തീയതി മുതൽ തന്നെ നൽകിയിട്ടുണ്ട്. ഡി. എ. കുടിശ്ശിക പണമായി നൽകുന്ന കാര്യം സംസ്ഥാന ഗവൺമെൻറിൻെറ കാലാകാലങ്ങളിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly